# കേന്ദ്ര വിദേശകാര്യ മന്ത്രി , വിയറ്റ്നാം ഡെപ്യൂട്ടി പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ഫാം ബിൻഹ് മിൻഹുമായി പ്രതിനിധിതല ചർച്ചകൾ നടത്തി

ജൂലൈ 05, 2017

വിയറ്റ്നാം ഡെപ്യൂട്ടി പ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ ഹിസ് എക്സലൻസി ശ്രീ ഫാം ബിൻഹ് മിൻഹ് കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജിന്റെ ക്ഷണം സ്വീകരിച്ച് ജൂലൈ 3-6 ൽ (ജൂലൈ 3-6,2017 ) ഇന്ത്യയിൽ സന്ദർശനം നടത്തുന്നു. സന്ദർശനത്തോടനുബന്ധിച്ച് ഹിസ് എക്സലൻസി ശ്രീ ഫാം ബിൻഹ് മിൻഹ് രാഷ്ട്രപതി, ഉപ രാഷ്ട്രപതി എന്നിവരുമായി കൂടിക്കാഴ്ച നടത്തുകയും കേന്ദ്ര പ്രതിരോധ - സാമ്പത്തിക മന്ത്രിയെ കാണുകയുമുണ്ടായി . കേന്ദ്ര വിദേശകാര്യ മന്ത്രി ഉഭയകക്ഷി ചർച്ചകൾ നടത്തുകയും സന്ദർശനം നടത്തുന്ന വിശിഷ്ടാതിഥിയോടുള്ള ആദരസൂചകമായി ഉച്ചഭക്ഷണ സൽക്കാരം ഒരുക്കുകയുമുണ്ടായി

ഇരു ഭാഗവും പരസ്പരം താത്പര്യമുള്ള ഉഭയകക്ഷി വിഷയങ്ങൾ വിശാലമായ തലത്തിൽ ചർച്ച ചെയ്തു.
പ്രത്യേകിച്ചും നടക്കുവാനിരിക്കുന്ന ഉന്നതതല വിനിമയങ്ങൾ , ഇന്ത്യാ-വിയറ്റ്നാം തമ്മിലുള്ള നയതന്ത്ര ബന്ധങ്ങൾ 45 വർഷം പൂർത്തിയായതിന്റെ ആഘോഷം , വ്യാപാരവും നിക്ഷേപവും, ആരോഗ്യരംഗത്തെ സഹകരണം, ഊർജവും കാർഷിക മേഖലയും , വിനോദസഞ്ചാരവും സംസ്ക്കാരവും , ഗതാഗതം, ലൈൻസ് ഓഫ് ക്രെഡിറ്റ് , വികസന രംഗത്തെ പങ്കാളിത്തം തുടങ്ങിയവ അവർ ചർച്ച ചെയ്തു. യു എന്നിലും അന്താരാഷ്ട്ര സംഘടനകളിലുമുള്ള സഹകരണം ഉൾപ്പെടെ മേഖലാ തലത്തിലും , ബഹുമുഖ തലങ്ങളിലുമുള്ള പരസ്പരം താത്പര്യമുള്ള വിഷയങ്ങളിൽ തങ്ങളുടെ കാഴ്ചപ്പാടുകൾ അവർ പങ്കു വച്ചു .

ഏഷ്യയിൽ , സമാധാനം, സ്ഥിരത, വളർച്ചയും പുരോഗതിയും നിലനിർത്തുന്നതിന് ഒരുമിച്ചു പ്രവർത്തിക്കുവാനുള്ള തങ്ങളുടെ അഭിലാഷവും തീരുമാനവും ഇരുഭാഗവും ആവർത്തിച്ചു പറഞ്ഞു. സമുദ്ര നിയമത്തിൽ ഉള്ള യുണൈറ്റഡ് നേഷൻസ്

കൺവെൻഷൻ 1982 നുള്ള (യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺ ദി ലാ ഓഫ് സീ - യുഎൻസിഎൽഒഎസ് ) അനെക്സ് VII യുടെ കീഴിൽ സ്ഥാപിച്ച ആർബിട്രൽ ട്രൈബ്യൂണൽ 12 ജൂലൈ 2016 ൽ പ്രസ്താവിച്ച ന്യായവിധിയെ ചൂണ്ടിക്കാണിച്ച് കൊണ്ട് യുഎൻസിഎൽഒഎസ്സിൽ വളരെ ശ്രദ്ധാർഹമായി പ്രതിഫലിച്ച അന്താരാഷ്ട്ര നിയമ തത്വങ്ങളിൽ അടിസ്ഥാനമാക്കി , സമാധാനം , സ്ഥിരത, സുരക്ഷ , സംരക്ഷണം, വ്യോമ , സമുദ്ര ഗതാഗതത്തിലെ സ്വാതന്ത്ര്യം , തടസ്സമില്ലാത്ത വ്യാപാരം , എന്നിവക്കുള്ള തങ്ങളുടെ പിന്തുണ ഇരു വിഭാഗവും ഉറപ്പിച്ചു പറഞ്ഞു

വികസിപ്പിച്ച ഐക്യരാഷ്ട്ര സഭ സുരക്ഷാ കൌൺസിലിൽ ഒരു സ്ഥിരാംഗത്വം നേടുവാൻ ഇന്ത്യ മത്സരിക്കുന്നതിൽ തങ്ങളുടെ പിന്തുണ വിയറ്റ്നാം വിഭാഗം ഉറപ്പിച്ചു പറഞ്ഞു

പ്രതിനിധി തല ചർച്ചകളെ തുടർന്ന് 2017 - 2020 കാലത്തേക്കുള്ള സമഗ്ര തന്ത്രപ്രധാന പങ്കാളിത്തം നടപ്പാക്കുവാനുള്ള ഒരു പ്ലാൻ ഓഫ് ആക്ഷൻ ഇരു മന്ത്രിമാരും ചേർന്ന് ഒപ്പ് വച്ചു .

ന്യൂഡെൽഹി
ജൂലൈ 05, 2017